**മധുരമായ കുട്ടികളെ - ഓർമ്മയിലൂടെ തന്നെയാണ് ബാറ്ററി ചാർജ്ജാകുന്നതും ശക്തി ലഭിക്കുന്നതും ആത്മാവ് സതോപ്രധാനമാകുന്നതും, അതുകൊണ്ട് ഓർമ്മയാകുന്ന യാത്രയിൽ വിശേഷ ശ്രദ്ധ കൊടുക്കണം.**

**ചോദ്യം:-** ഏത് കുട്ടികൾക്കാണോ ഒരേയൊരു ബാബയോട് സ്നേഹമുള്ളത്, അവരുടെ അടയാളം എന്താണ്?
**ഉത്തരം:-** 1. അഥവാ ഒരേയൊരു ബാബയോട് സ്നേഹമുണ്ടെങ്കിൽ ബാബയുടെ ദൃഷ്ടി അവരെ സംതൃപ്തരാക്കും. 2. അവർ പൂർണ്ണമായും നഷ്ടോമോഹ ആയിരിക്കും, 3. ആർക്കാണോ പരിധിയില്ലാത്ത ബാബയുടെ സ്നേഹം ഇഷ്ടപ്പെട്ടത്, അവർ മറ്റാരുടേയും സ്നേഹത്തിൽ കുടുങ്ങുകയില്ല, 4. അസത്യഖണ്ഡത്തിലുള്ള അസത്യമനുഷ്യരിൽ നിന്നും അവരുടെ ബുദ്ധി മുറിയുന്നു. അവിനാശിയായി നിലനിൽക്കുന്ന സ്നേഹമാണ് ഇപ്പോൾ ബാബ നമുക്ക് നൽകുന്നത്. സത്യയുഗത്തിലും നിങ്ങൾ പരസ്പരം വളരെ സ്നേഹത്തോടുകൂടിയാണ് വസിക്കുന്നത്.

**ഓം ശാന്തി**. നിങ്ങൾ കുട്ടികൾക്ക് ഈ ഒരേഒരു പ്രാവശ്യം മാത്രമാണ് പരിധിയില്ലാത്ത ബാബയിൽ നിന്നും സ്നേഹം ലഭിക്കുന്നത്, ഈ സ്നേഹത്തെ തന്നെയാണ് നമ്മൾ ഭക്തി മാർഗ്ഗത്തിലും ധാരാളം ഓർമ്മിച്ചത്. ബാബാ, അങ്ങയുടെ സ്നേഹം മാത്രം മതി ഞങ്ങൾക്ക്. അങ്ങ് തന്നെയാണ് മാതാവും പിതാവും... അങ്ങാണ് സർവ്വസ്വവും. അരക്കൽപത്തേക്ക് നമുക്ക് സ്നേഹം ലഭിക്കുന്നത് ഈ ഒരു ബാബയിൽ നിന്നും മാത്രമാണ്. നിങ്ങളുടെ ഈ ആത്മീയ സ്നേഹത്തിന്റെ മഹിമ അപാരമാണ്. ബാബ തന്നെയാണ് നിങ്ങൾ കുട്ടികളെ ശാന്തിധാമത്തിന്റെ അധികാരിയാക്കി മാറ്റുന്നത്. നിങ്ങൾ ഇപ്പോൾ ദുഃഖധാമത്തിലാണ്. എല്ലാവരും ദുഃഖത്താലും, അശാന്തിയാലും നിലവിളിക്കുകയാണ്. ആർക്കും നാഥനില്ലാത്തതുകാരണം ഭക്തി മാർഗ്ഗത്തിൽ എല്ലാവരും ഓർമ്മിക്കുന്നു. എന്നാൽ നിയമമനുസരിച്ച് ഭക്തിയുടെ സമയവും അരകൽപമാണ്.

ബാബ എല്ലാവരുടെയും ഉള്ളറിയുന്നവനല്ലെന്ന് കുട്ടികൾക്ക് മനസ്സിലാക്കി തന്നിട്ടുണ്ട്. എല്ലാവരുടേയും ഉള്ളിലുള്ളത് അറിയേണ്ട ആവശ്യം ബാബക്കില്ല. അത് മനസ്സ് വായിക്കുന്നവരാണ്. അവരും ആ വിദ്യ പഠിക്കുന്നതാണ്. അങ്ങനെയുള്ള കാര്യമൊന്നും ഇവിടെയില്ല. ബാബ ഇവിടെ വരുന്നു, ബാബയും കുട്ടികളുമാണ് ഈ മുഴുവൻ പാർട്ടും അഭിനയിക്കുന്നത്. ഈ സൃഷ്ടി ചക്രം എങ്ങനെയാണ് കറങ്ങുന്നതെന്നും, അതിൽ കുട്ടികൾ എങ്ങനെയാണ് പാർട്ട് അഭിനയിക്കുന്നതെന്നും ബാബയ്ക്കറിയാം. അല്ലാതെ ബാബ ഓരോരുത്തരുടേയും ഉള്ളിനെ അറിയുന്നില്ല. ഓരോരുത്തരുടേയും ഉള്ളിൽ വികാരം തന്നെയാണെന്നുള്ളത് രാത്രിയിലും മനസ്സിലാക്കി തന്നിട്ടുണ്ട്. വളരെ മോശമായ മനുഷ്യരുണ്ട്. ബാബ വന്ന് പുഷ്പമാക്കുന്നു. ഈ അവിനാശിയായ സ്നേഹം ബാബയിൽ നിന്നും നിങ്ങൾ കുട്ടികൾക്ക് ഒരേയൊരു പ്രാവശ്യം മാത്രമാണ് ലഭിക്കുന്നത്. പരസ്പരം സ്നേഹത്തോടെയാണ് നിങ്ങൾ അവിടെ(സത്യയുഗത്തിൽ) കഴിയുന്നത്. ഇപ്പോൾ നിങ്ങൾ മോഹാജീത്തായി കൊണ്ടിരിക്കുകയാണ്. സത്യയുഗീ രാജ്യം മോഹാജീത്ത് രാജാവ്, റാണി, പ്രജ എന്നിവരുടെ രാജ്യമാണ്. അവിടെ ആരും തന്നെ ഒരിക്കലും കരയില്ല. ദുഃഖത്തിന്റെ പേരു പോലുമില്ല. നിങ്ങൾക്കറിയാം ഭാരതത്തിൽ ആരോഗ്യവും, സമ്പത്തും, സന്തോഷവുമുണ്ടായിരുന്നു, ഇപ്പോൾ രാവണ രാജ്യമായതിനാൽ അതില്ല. ഇവിടെ എല്ലാവരും ദുഃഖം അനുഭവിച്ചു കൊണ്ടിരിക്കുകയാണ്, പിന്നീട് സുഖ-ശാന്തിക്കു വേണ്ടി ബാബയെ ഓർമ്മിക്കുകയും, കരുണക്കു വേണ്ടി കേഴുകയും ചെയ്യുന്നു. പരിധിയില്ലാത്ത ബാബ കരുണാഹൃദയനാണ്. രാവണൻ ദുഃഖത്തിന്റെ വഴി പറഞ്ഞു കൊടുക്കുന്നവനും, കരുണയില്ലാത്തവനുമാണ്. ദുഃഖത്തിന്റെ വഴിയിലൂടെയാണ് സർവ്വ മനുഷ്യരും നടക്കുന്നത്. കാമ വികാരമാണ് ഏറ്റവും കൂടുതൽ ദുഃഖം നൽകുന്നത്, അതുകൊണ്ടാണ് ബാബ പറയുന്നത്-മധുര-മധുരമായ കുട്ടികളെ, ജഗത്ത്ജീത്താകണമെങ്കിൽ കാമവികാരത്തിന് മേൽ വിജയം നേടൂ. ലക്ഷ്മീ-നാരായണനെ ജഗത്ത്ജീത്ത് എന്നല്ലേ പറയുന്നത്. ലക്ഷ്യം നിങ്ങളുടെ മുന്നിൽ തന്നെയുണ്ട്. ക്ഷേത്രങ്ങളിലേക്ക് പോകുന്നുണ്ടെങ്കിലും അവരുടെ ജീവചരിത്രം ഒന്നും തന്നെ അറിയുന്നില്ല. പാവകളെ പൂജിക്കുന്നതു പോലെയാണ്. ദേവിമാരുടെ രൂപമുണ്ടാക്കി, നന്നായി അലങ്കരിപ്പിച്ച്, അവർക്കു മുന്നിൽ പ്രസാദം വയ്ക്കുകയും, അവരെ പൂജിക്കുകയും ചെയ്യുന്നു. എന്നാൽ ദേവിമാർ അതൊന്നും തന്നെ കഴിക്കുന്നില്ല. ബ്രാഹ്മണരാണ്(പൂജാരിമാർ) എല്ലാം കഴിക്കുന്നത്. നിർമ്മിച്ച്, സംരക്ഷിച്ച് പിന്നീട് നശിപ്പിക്കുന്നു, ഇതിനെയാണ് അന്ധവിശ്വാസം എന്ന് പറയുന്നത്. സത്യയുഗത്തിൽ ഇങ്ങനെയുള്ള കാര്യങ്ങളൊന്നും തന്നെയില്ല. ഈ എല്ലാ ആചാര രീതികളും വരുന്നത് കലിയുഗത്തിലാണ്. നിങ്ങൾ ആദ്യമാദ്യം ഒരേയൊരു

ശിവബാബയുടെ പൂജയാണ് ചെയ്യുന്നത്, അതിനെയാണ് യഥാർത്ഥപൂജ അവ്യഭിചാരി പൂജ എന്ന് പറയുന്നത്. വ്യഭിചാരി പൂജ തുടങ്ങുന്നത് പിന്നീടാണ്. അച്ഛൻ എന്ന വാക്ക് പറയുമ്പോൾ തന്നെയാണ് കുടുംബത്തിന്റെ സുഗന്ധം വരുന്നത്. നിങ്ങളും പറയുന്നുണ്ടല്ലോ അങ്ങ് തന്നെയാണ് മാതാവും-പിതാവുമെന്ന്... ബാബ നൽകുന്ന ഈ ജ്ഞാനത്തിന്റെ കൃപയിലൂടെ നമുക്ക് അളവറ്റ സുഖം ലഭിക്കുന്നു. നമ്മൾ ആദ്യം മൂലവതനത്തിലായിരുന്നു എന്നത് ബുദ്ധിയിൽ ഓർമ്മ വേണം. ശരീരമെടുത്ത് പാർട്ട് അഭിനയിക്കാനാണ് അവിടെ നിന്നും ഇവിടേക്കു വരുന്നത്. ആദ്യമാദ്യം നമ്മൾ ദൈവീക ശരീരമെടുക്കുന്നു അതായത് നമ്മളെ ദേവത എന്ന് പറയുന്നു. പിന്നീട് ക്ഷത്രിയൻ, വൈശ്യൻ, ശൂദ്ര വർണ്ണത്തിലേക്ക് വന്ന് വ്യത്യസ്ത പാർട്ട് അഭിനയിക്കുന്നു. ഈ കാര്യങ്ങളൊന്നും തന്നെ നിങ്ങൾക്കും ആദ്യം അറിയുമായിരുന്നില്ല. ഇപ്പോൾ ബാബ വന്ന് നിങ്ങൾ കുട്ടികൾക്ക് ആദി-മദ്ധ്യ-അന്ത്യത്തിന്റെ ജ്ഞാനം നൽകുന്നു. ഞാൻ ഈ ശരീരത്തിലാണ് പ്രവേശിക്കുന്നത് എന്നുള്ള ജ്ഞാനവും നൽകിയിട്ടുണ്ട്. ബ്രഹ്മാബാബക്ക് തന്റെ 84 ജന്മങ്ങളെക്കുറിച്ച് അറിയില്ല. നിങ്ങൾക്കും അറിയില്ലായിരുന്നു. ശ്യാമ-സുന്ദരനെക്കുറിച്ചുള്ള രഹസ്യം മനസ്സിലാക്കി തന്നിട്ടുണ്ട്. പുതിയ ലോകത്തിലെ ആദ്യത്തെ രാജകുമാരൻ ശ്രീകൃഷ്ണനും രണ്ടാമത് രാധയുമാണ്. കുറച്ചു വർഷങ്ങളുടെ വ്യത്യാസമുണ്ട്. ശ്രീകൃഷ്ണനെ എല്ലാവരും സ്നേഹിക്കാൻ കാരണം സൃഷ്ടിയുടെ ആദിയിൽ വരുന്നതു കൊണ്ടാണ്, ശ്രീകൃഷ്ണനെതന്നെയാണ് ശ്യാമനെന്നും, പിന്നീട് സുന്ദരനെന്നും പറയപ്പെടുന്നത്. സ്വർഗ്ഗത്തിൽ എല്ലാവരും സുന്ദരൻ അതായത് സതോപ്രധാനമായിരിക്കും. ഇപ്പോൾ സ്വർഗ്ഗമെവിടെ! ചക്രം കറങ്ങിക്കൊണ്ടിരിക്കുകയാണ്. അല്ലാതെ സമുദ്രത്തിന്റെ താഴെക്കു പോയി എന്നല്ല. ലങ്കയും, ദ്വാരകയും സമുദ്രത്തിനു താഴെക്കു പോയെന്ന് പറയാറുണ്ട്. ഇല്ല, ഈ സൃഷ്ടിചക്രമാണ് കറങ്ങികൊണ്ടിരിക്കുന്നത്. നിങ്ങൾ ചക്രവർത്തി മഹാരാജാ-മഹാറാണി വിശ്വത്തിന്റെ അധികാരിയാകുന്നത് ഈ ചക്രത്തെ അറിയുന്നതിലൂടെയാണ്. പ്രജകളും സ്വയം അധികാരികൾ എന്നാണ് മനസ്സിലാക്കുന്നത്. ഞങ്ങളുടെ രാജ്യം എന്നാണ് പറയുക. ഞങ്ങളുടെ രാജ്യം എന്നാണ് ഭാരതവാസികൾ പറയുന്നത്. ഭാരതം എന്നതാണ് യഥാർത്ഥമായ പേര്. ഹിന്ദുസ്ഥാൻ എന്ന പേര് തെറ്റാണ്. യഥാർത്ഥത്തിൽ ആദി സനാതന ദേവീ-ദേവതാ ധർമ്മം എന്നാണ്. പക്ഷേ ധർമ്മ ഭ്രഷ്ടരും, കർമ്മ ഭ്രഷ്ടരുമായത് കാരണം സ്വയത്തെ ദേവതയെന്നു പറയാൻ സാധിക്കില്ല. ഇതും ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. ഇല്ലെങ്കിൽ എങ്ങനെ ബാബ വീണ്ടും വന്ന് ദേവീ-ദേവതാ ധർമ്മത്തിന്റെ സ്ഥാപന ചെയ്യും? മുമ്പ് നിങ്ങൾക്കും ഈ കാര്യങ്ങളെക്കുറിച്ചുള്ള അറിവില്ലായിരുന്നു, ബാബയാണ് ഇപ്പോൾ മനസ്സിലാക്കി തന്നത്.

ഇത്രയും മധുരമായ ബാബയെപോലും നിങ്ങൾ മറന്നു പോകുന്നു! എത്ര മധുരമായ അച്ഛനാണ്. ബാക്കി രാവണരാജ്യത്തിൽ എല്ലാവരും നിങ്ങൾക്ക് ദുഃഖമല്ലേ നൽകുന്നത്, അതുകൊണ്ടു തന്നെയാണ് എല്ലാവരും പരിധിയില്ലാത്ത ബാബയെ ഓർമ്മിക്കുന്നത്. ബാബയുടെ ഓർമ്മയിൽ സ്നേഹത്തിന്റെ കണ്ണീരൊഴുക്കുന്നു- അല്ലയോ പ്രിയതമാ, എപ്പോൾ പ്രിയതമകളെ വന്ന് കാണും? കാരണം നിങ്ങൾ എല്ലാവരും ഭക്തകളാണ്. ഭക്തകളുടെ പതി ഭഗവാനാണ്. ഭഗവാൻ വന്ന് ഭക്തിയുടെ ഫലം നൽകുന്നു, വഴി പറഞ്ഞു തരുന്നു, മനസ്സിലാക്കിത്തരുകയും ചെയ്യുന്നു - ഇത് അയ്യായിരം വർഷത്തിന്റെ കളിയാണ്. ഒരു മനുഷ്യനും രചയിതാവിന്റെയോ, രചനയുടെയോ ആദി-മദ്യ-അന്ത്യത്തെക്കുറിച്ച് അറിയില്ല. ആത്മീയ കുട്ടികൾക്കും ആത്മീയ അച്ഛനും മാത്രമേ അറിയൂ. ദേവതകൾക്കും അറിയില്ല, ഒരു മനുഷ്യനും ഇതിനെക്കുറിച്ച് അറിയില്ല. ഈ ആത്മീയ അച്ഛന് മാത്രമേ അറിയുകയുള്ളൂ. ആത്മീയ അച്ഛൻ തന്റെ കുട്ടികൾക്ക് മനസ്സിലാക്കി തരികയാണ്. മറ്റൊരു ദേഹധാരികൾക്കും രചനയുടേയും രചയിതാവിന്റേയും ആദി-മദ്ധ്യ-അന്ത്യത്തിന്റെ ജ്ഞാനത്തെക്കുറിച്ച് അറിയില്ല. ആത്മീയ അച്ഛന്റെ പക്കലാണ് ഈ ജ്ഞാനമുള്ളത്. ജ്ഞാന-ജ്ഞാനേശ്വരൻ എന്ന് പറയുന്നതും ആത്മീയ പിതാവിനെയാണ്. രാജ-രാജേശ്വരനാകുന്നതിന് വേണ്ടിയുള്ള ജ്ഞാനം നിങ്ങൾക്ക് ജ്ഞാന-ജ്ഞാനേശ്വരൻ നൽകുകയാണ് അതു കൊണ്ടാണ് ഇതിനെ രാജയോഗം എന്ന് പറയുന്നത്. ബാക്കിയെല്ലാം ഹഠയോഗമാണ്. ഹഠയോഗികളുടെയും ചിത്രങ്ങൾ ധാരാളമുണ്ട്. ഹഠയോഗം പഠിപ്പിക്കാൻ തുടങ്ങിയത് സന്യാസിമാർ വന്നതിന് ശേഷമാണ്. എപ്പോഴാണോ സന്യാസിമാരുടെ എണ്ണം വർദ്ധിക്കുന്നത് അപ്പോഴാണ് ഹഠയോഗം പഠിപ്പിക്കുന്നത്. ബാബ പറയുന്നു ഞാൻ സംഗമയുഗത്തിൽ വന്നാണ് രാജധാനി സ്ഥാപിക്കുന്നത്. സ്ഥാപന നടത്തുന്നത് ഇവിടെയാണ് അല്ലാതെ സത്യയുഗത്തിലല്ല. സത്യയുഗത്തിൽ രാജധാനി ഉണ്ടാകണമെങ്കിൽ തീർച്ചയായും സംഗമത്തിലാണ് സ്ഥാപന നടക്കുന്നത്. സത്യയുഗത്തിൽ എല്ലാവരും പൂജ്യരാണ്, ഇവിടെ കലിയുഗത്തിൽ എല്ലാവരും പൂജാരികളാണ്. ബാബ വന്നിരിക്കുന്നത് പൂജ്യരാക്കി മാറ്റാനാണ്. രാവണനാണ് പൂജാരിയാക്കുന്നത്. ഇതെല്ലാം അറിഞ്ഞിരിക്കേണ്ടതായ കാര്യങ്ങളല്ലേ. ഇത് ഉയർന്നതിലും ഉയർന്ന പഠിപ്പാണ്. ആർക്കും ഈ ടീച്ചറെക്കുറിച്ച് അറിയില്ല. ബാബ പരമമായ അച്ഛനുമാണ്, ടീച്ചറുമാണ്, സദ്ഗുരുവുമാണ്. ഇത് ആർക്കും തന്നെ അറിയില്ല. ബാബ തന്നെയാണ് വന്ന് തന്റെ പൂർണ്ണമായ പരിചയം നൽകുന്നത്. കുട്ടികളെ സ്വയം

വന്ന് പഠിപ്പിച്ച് പിന്നീട് കൂടെ കൊണ്ട് പോകുന്നു. പരിധിയില്ലാത്ത അച്ഛന്റെ സ്നേഹം ലഭിച്ചാൽ പിന്നെ മറ്റൊരു സ്നേഹവും ഇഷ്ടപ്പെടില്ല. ഈ സമയം അസത്യഖണ്ഡമാണ്. അസത്യ മായ, അസത്യ ശരീരം... ഭാരതം ഇപ്പോൾ അസത്യമായ ദേശമാണ് സത്യമായ ദേശം സത്യയുഗത്തിലായിരിക്കും. ഭാരതത്തിന് ഒരിക്കലും വിനാശം സംഭവിക്കുന്നില്ല. ഏറ്റവും വലിയ തീർത്ഥസ്ഥലം ഭാരതമാണ്. പരിധിയില്ലാത്ത ബാബ വന്ന് കുട്ടികൾക്ക് സൃഷ്ടിയുടെ ആദി-മദ്ധ്യ-അന്ത്യത്തിന്റെ രഹസ്യം കേൾപ്പിക്കുകയും സർവ്വർക്കും സദ്ഗതി നൽകുകയും ചെയ്യുന്നത് ഇവിടെയാണ്. ഇത് ഏറ്റവും വലിയ തീർത്ഥ സ്ഥലമാണ്. ഭാരതത്തിന്റെ മഹിമ അപാരമായതാണ്. ഭാരതം ലോകത്തിലെ മഹാത്ഭുതമാണെന്ന സത്യവും നിങ്ങൾക്കേ അറിയൂ. ലോകത്തിലുള്ളത് മായയുടെ 7 അത്ഭുതങ്ങളാണ്. ഇതൊന്നു മാത്രമാണ് ഈശ്വരന്റെ മഹാത്ഭുതം. ബാബയും ഒന്നുമാത്രമാണ്, ബാബയുടെ അത്ഭുതമായ സ്വർഗ്ഗവും ഒന്നു മാത്രമാണുള്ളത്. അതിനെയാണ് പാരഡൈസ്, ഹെവൻ എന്നെല്ലാം പറയുന്നത്. സത്യം-സത്യമായ പേര് സ്വർഗ്ഗം എന്നു മാത്രമാണ്, ഇത് നരകമാണ്. നിങ്ങൾ ബ്രാഹ്മണരാണ് ആൾറൗണ്ടായി ചക്രത്തിൽ വരുന്നത്. നമ്മൾ തന്നെയാണ് ബ്രാഹ്മണൻ, നമ്മൾ തന്നെയാണ് ദേവത.... ഉയരുന്ന കലയും, താഴുന്ന കലയും. ഉയരുന്ന കലയിലൂടെ സർവ്വരുടെയും നന്മയുണ്ടാകുന്നു. വിശ്വത്തിൽ സുഖവും, ശാന്തിയും വേണമെന്ന് ആഗ്രഹിക്കുന്നത് ഭാരതവാസികളാണ്. സ്വർഗ്ഗത്തിൽ സുഖം തന്നെയാണ്, ദുഃഖത്തിന്റെ പേര് പോലും ഉണ്ടാകില്ല. ഈശ്വരീയ രാജ്യം എന്നാണ് അതിനെ പറയുന്നത്. സത്യയുഗത്തിൽ സൂര്യവംശികളാണ് പിന്നെ സെക്കന്റ് ഗ്രേഡിലാണ് ചന്ദ്രവംശികൾ വരുന്നത്. നിങ്ങൾ ആസ്തികരും, മറ്റുള്ളവർ നാസ്തികരുമാണ്. നിങ്ങൾ നാഥന്റേതായിമാറി ബാബയിൽ നിന്നും സമ്പത്ത് നേടുന്നതിനുള്ള പുരുഷാർത്ഥം ചെയ്യുന്നു. നിങ്ങളുടേത് മായയുമായുള്ള ഗുപ്തമായ യുദ്ധമാണ്. ബാബ വരുന്നത് തന്നെ രാത്രിയിലാണ്. ശിവരാത്രിയല്ലേ. പക്ഷെ ശിവരാത്രിയുടെ അർത്ഥവും അറിയുന്നില്ല. ബ്രഹ്മാവിന്റെ രാത്രി പൂർത്തിയായി, ഇപ്പോൾ പകൽ ആരംഭിക്കുകയാണ്. കൃഷ്ണ ഭഗവാനുവാച എന്നാണ് അവർ പറയുന്നത്, ഇത് ശിവഭഗവാനുവാചയാണ്. ഇതിൽ ശരി ഏതാണ്? കൃഷ്ണൻ മുഴുവൻ 84 ജന്മവും എടുക്കുന്നുണ്ട്. ബാബ പറയുന്നു ഞാൻ സാധാരണ ഒരു വൃദ്ധന്റെ ശരീരത്തിലേക്കാണ് വരുന്നത്. ഇദ്ദേഹത്തിനും തന്റെ ജന്മങ്ങളെറിച്ച് അറിയില്ല. വളരെ ജന്മങ്ങളുടെ അന്തിമത്തിൽ എപ്പോഴാണോ പതിതമാകുന്നത്, അപ്പോൾ പതിത സൃഷ്ടിയിൽ, പതിത രാജ്യത്തിലേക്കു വരുന്നു. പാവന ലോകത്തിൽ ഒരു രാജ്യമേയുള്ളൂ, പതിത ലോകത്ത് അനേക രാജ്യങ്ങളുണ്ട്. ഭക്തിമാർഗ്ഗത്തിൽ തീവ്രഭക്തി ചെയ്ത്, എപ്പോഴാണോ ശിരസ്സ് ഛേദിക്കാൻ ഒരുങ്ങുന്നത് അപ്പോഴാണ് അവരുടെ സർവ്വ മനോകാമനകളും പൂർത്തിയാകുന്നത്. അല്ലാതെ അതിലൂടെ പ്രാപ്തിയൊന്നും തന്നെയില്ല, ഇതിനെയാണ് തീവ്രഭക്തി എന്ന് പറയുന്നത്. രാവണ രാജ്യം ആരംഭിക്കുന്നതു മുതൽ ഭക്തിമാർഗ്ഗത്തിലെ കർമ്മകാണ്ഡത്തിന്റെ കാര്യങ്ങൾ പഠിച്ച്-പഠിച്ച് മനുഷ്യൻ താഴേക്ക് ഇറങ്ങി വരുന്നു, വ്യാസ ഭഗവാനാണ് ശാസ്ത്രം രചിച്ചതെന്ന് പറയുന്നു, എന്തൊക്കെയാണ് എഴുതി വച്ചിരിക്കുന്നത്? നിങ്ങൾ കുട്ടികൾ ഇപ്പോൾ ജ്ഞാനത്തിന്റേയും ഭക്തിയുടെയും രഹസ്യം മനസ്സിലാക്കി കഴിഞ്ഞു. ഏണിപടിയിലും വൃക്ഷത്തിലും ഈ അറിവ് മുഴുവനുമുണ്ട്. 84 ജന്മങ്ങളും അതിൽ കാണിച്ചിട്ടുണ്ട്. എല്ലാവരും 84 ജന്മങ്ങൾ എടുക്കുന്നില്ല. ആരാണോ ആദ്യം വരുന്നത്, അവരാണ് പൂർണ്ണമായും 84 ജന്മങ്ങളും എടുക്കുന്നത്. ഈ ജ്ഞാനം നിങ്ങൾക്ക് ഇപ്പോഴാണ് ലഭിക്കുന്നത്, പിന്നീട് ഇതുതന്നെ സമ്പാദ്യത്തിന്റെ ഉറവിടമാവുകയും ചെയ്യുന്നു. 21 ജന്മത്തിലും അപ്രാപ്തമായൊരു വസ്തുവും ഉണ്ടാകില്ല. പരിശ്രമിച്ച് നേടാനായുള്ളതൊന്നും തന്നെ അവിടെയുണ്ടാകില്ല. ബാബയുടെ ഒരേയൊരു സ്വർഗ്ഗം മാത്രമാണ് ലോകത്തിലെ അത്ഭുതം. പേര് തന്നെ പാരഡൈസ് എന്നാണ്. ബാബ നമ്മളെ അതിന്റെ അധികാരിയാക്കി മാറ്റുന്നു. അവർക്ക് അത്ഭുതങ്ങളെ കാണിച്ചു തരാനെ സാധിക്കൂ, പക്ഷെ നിങ്ങളെ ബാബ അതിന്റെ അധികാരിയാക്കി മാറ്റുന്നു. അതു കൊണ്ടാണ് ബാബ പറയുന്നത് നിരന്തരം എന്നെ മാത്രം ഓർമ്മിക്കൂ. സ്മരിച്ച്-സ്മരിച്ച് സുഖം പ്രാപിക്കൂ, ശരീരത്തിന്റെ എല്ലാ ക്ലേശങ്ങളും മാറി ജീവന്മുക്തി പദവി നേടൂ. പവിത്രമാകുന്നതിന് വേണ്ടി ഓർമ്മയുടെ യാത്ര വളരെ അത്യാവശ്യമാണ്. മന്മനാഭവ, എങ്കിൽ പിന്നീട് അന്തിമ മനസ്സ് പോലെ ഗതി ശ്രേഷ്ഠമായി തീരും. ശാന്തിധാമത്തിനെയാണ് ഗതി എന്നു പറയുന്നത്. സദ്ഗതിയുണ്ടാകുന്നത് ഇവിടെയാണ്. സദ്ഗതിക്ക് നേർ വിപരീതമാണ് ദുർഗതി.

രചനയുടെ ആദി-മദ്ധ്യ-അന്ത്യത്തെക്കുറിച്ചും ബാബയെക്കുറിച്ചും ഇപ്പോൾ നിങ്ങൾക്ക് അറിഞ്ഞു കഴിഞ്ഞു. ബാബയുടെ സ്നേഹം നിങ്ങൾക്ക് ലഭിക്കുന്നു. ബാബ ദൃഷ്ടിയിലൂടെ നിങ്ങളെ സായൂജ്യമടയിക്കുകയാണ്. സന്മുഖത്ത് വന്നാലല്ലേ ജ്ഞാനം കേൾപ്പിക്കാൻ സാധിക്കൂ. പ്രേരണയുടെ കാര്യമൊന്നും തന്നെ ഇതിലില്ല. ഈ രീതിയിൽ ഓർമ്മിക്കുന്നതിലൂടെ ശക്തി ലഭിക്കുമെന്ന് ബാബ നമുക്ക് നിർദ്ദേശം നൽകുന്നു. ബാറ്ററി ചാർജ്ജാകുന്നതു പോലെ. ശരീരം വാഹനമാണ്, ഇതിന്റെ ബാറ്ററി (ആത്മാവ്) കാലിയായിരിക്കുകയാണ്. ഇപ്പോൾ നിങ്ങൾ സർവ്വശക്തനായ ബാബയുമായി ബുദ്ധിയോഗം വയ്ക്കുന്നതിലൂടെ തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായിത്തീരുന്നു. ബാറ്ററി ചാർജ്ജാകുന്നു. ബാബയാണ് വന്ന് സർവ്വരുടെയും ബാറ്ററി

ചാർജ്ജ് ചെയ്യുന്നത്. സർവ്വശക്തിവാൻ ബാബ തന്നെയാണ്. ബാബയാണ് ഈ മധുര-മധുരമായ കാര്യങ്ങളെല്ലാം കേൾപ്പിച്ചു തരുന്നത്. ഭക്തി മാർഗ്ഗത്തിലെ ശാസ്ത്രങ്ങൾ ജന്മ-ജന്മാന്തരങ്ങളായി വായിച്ചു വന്നു. സർവ്വ ധർമ്മത്തിലുള്ളവർക്കും വേണ്ടി ബാബ ഇപ്പോൾ ഒരേയൊരു കാര്യം കേൾപ്പിക്കുകയാണ്. സ്വയം ആത്മാവെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങളുടെ പാപം നശിക്കുന്നു. ഇനി ഓർമ്മിക്കേണ്ടത് നിങ്ങൾ കുട്ടികളുടെ കർത്തവ്യമാണ്, ഇതിൽ ആശയക്കുഴപ്പത്തിന്റെ കാര്യമൊന്നുമില്ല. പതിത-പാവനൻ ഒരേയൊരു ബാബയാണ്. പിന്നീട് പാവനമായിമാറി എല്ലാവരും തിരികെ വീട്ടിലേക്ക് പോകുന്നു. ഈ ജ്ഞാനം എല്ലാവർക്കും വേണ്ടിയുള്ളതാണ്. ഇത് സഹജ രാജയോഗവും സഹജ ജ്ഞാനവുമാണ്. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) സർവ്വശക്തനായ ബാബയുമായി തന്റെ ബുദ്ധിയോഗം വെച്ച് ബാറ്ററി ചാർജ്ജ് ചെയ്യണം. ആത്മാവിനെ സതോപ്രധാനമാക്കണം. ഓർമ്മയുടെ യാത്രയിൽ ഒരിക്കലും ആശയക്കുഴപ്പത്തിലാകരുത്.

2) പഠിപ്പ് പഠിച്ച് സ്വയം തന്റെ മേൽ കൃപ ചൊരിയണം. ബാബക്ക് സമാനം സ്നേഹത്തിന്റെ സാഗരമാകണം. ബാബയുടെ സ്നേഹം അവിനാശിയായതു പോലെ, സർവ്വരോടും അവിനാശിയും സത്യവുമായ സ്നേഹം വയ്ക്കണം, മോഹാജീത്താകണം.

## വരദാനം:- അനുഭവത്തിന്റെ ശക്തിയിലൂടെ മധുരമായ അനുഭവങ്ങൾ ചെയ്യുന്ന സദാ ശക്തിശാലി ആത്മാവായി ഭവിക്കട്ടെ.

ഈ അനുഭവത്തിന്റെ ശക്തി വളരെ മധുരമായ അനുഭവം ചെയ്യിപ്പിക്കുന്നു-ചിലപ്പോൾ സ്വയത്തെ ബാബയുടെ പ്രകാശ രത്നമായ ആത്മാവ് അതായത് നയനങ്ങളിലൊതുക്കിയ ശ്രേഷ്ഠ ബിന്ദുവായി അനുഭവം ചെയ്യൂ, ചിലപ്പോൾ മസ്തകത്തിൽ തിളങ്ങുന്ന മസ്തക മണി, ചിലപ്പോൾ സ്വയത്തെ ബ്രഹ്മാബാബയുടെ സഹയോഗിയായ വലംകൈ, ബ്രഹ്മാവിന്റെ കൈകളായി അനുഭവം ചെയ്യൂ, ചിലപ്പോൾ അവ്യക്ത ഫരിസ്തയായി അനുഭവം ചെയ്യൂ.... ഈ അനുഭവം ചെയ്യുന്നതിന്റെ ശക്തി വർദ്ധിപ്പിക്കൂ എങ്കിൽ ശക്തിശാലിയായി മാറും. പിന്നെ ഒരു ചെറിയ കറ പോലും സ്പഷ്ടമായി കാണപ്പെടും പിന്നെ അതിനെ മാറ്റാനും സാധിക്കും.

## സ്ലോഗൻ:- സർവ്വരുടെയും ഹൃദയത്തിൽ നിന്നുള്ള ആശീർവ്വാദങ്ങൾ സ്വീകരിച്ച് കൊണ്ടേപോകൂ എങ്കിൽ താങ്കളുടെ പുരുഷാർത്ഥം സഹജമായി മാറും.